## കത്തുകൾ

# മദ്യനിരോധം പിൻവലിച്ചതെന്തിന്?

**മാരിമാരി** വരുന്ന സർക്കാറുകളുടെ മദ്യനയം ജനങ്ങളെ പൊറുതിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ വിഷമദ്യ ദുരന്തമുണ്ടാകുമ്പോഴും ഭരണപക്ഷവും പ്രതിപക്ഷവും സാംസ്കാരിക പ്രവർത്തകരും മറ്റും ബഹളംവെക്കുന്നു. ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ശ്രമങ്ങൾക്കപ്പുറം കാതലായ മാറ്റങ്ങളൊന്നും മദ്യത്തിന്റെ വിഷയത്തിൽ ഉണ്ടായിട്ടില്ല.

1950-ൽ ഭാഗികമായി മദ്യനിരോധം നടപ്പാക്കി; മദ്യം പൂർണമായും നിരോധിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 1967 ഏപ്രിൽ 28-ന് കേരള മന്ത്രിസഭ മദ്യനിരോധന നിയമം റദ്ദാക്കാൻ തീരുമാനിക്കുകയും 27-ന് ഗവർണർ മദ്യനിരോധന ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. അതോടെ ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ പ്രതീക്ഷകൾ തകിടംമറിഞ്ഞു. മദ്യനിരോധം നീക്കാനുള്ള തീരുമാനത്തെക്കുറിച്ച് കേൾക്കേണ്ട താമസം മദ്യമുതലാളിമാർ കോഴിക്കോട് താലൂക്കിൽ മാത്രം നൂറിൽപരം കള്ളുഷാപ്പുകളും വിദേശമദ്യഷാപ്പുകളും ചാരായക്കടകളും തുറക്കാനുള്ള ശ്രമമാരംഭിച്ചു. ഈ അവസരത്തിൽ യു.പിയിലും മദ്രാസിലും മദ്യം നിരോധിക്കാൻ കർശനമായ തീരുമാനമെടുക്കുകയും നിരവധി ജില്ലകളിൽ മദ്യം നിരോധിക്കുകയും ചെയ്തു. പക്ഷേ മുസ്‌ലിം ലീഗ് ഉൾപ്പെട്ട '67ലെ മന്ത്രിസഭ മദ്യമൊഴുക്കാനുള്ള തീരുമാനവുമായി മുന്നോട്ടുപോയി. ഖജനാവിൽ പണമില്ലാതെ വിലക്കയറ്റവും ഭക്ഷ്യക്ഷാമവും പട്ടിണിമരണങ്ങളും ഉണ്ടായപ്പോൾ, ഗവൺമെന്റ് കണ്ടെത്തിയ കുറുക്കുവഴിയായിരുന്നു മദ്യനിരോധം പിൻവലിക്കുകയെന്നത്. സർക്കാറിന് ഏഴെട്ടു കോടി രൂപ ലാഭം കിട്ടുമെന്നാണ് പറഞ്ഞത്. ഈ പ്രഖ്യാപനത്തെ മദ്രാസിലെ മുഖ്യമന്ത്രിയായിരുന്ന അണ്ണാദുരൈ പുച്ഛിച്ചു തള്ളുകയും ഇത് കേരള ഗവൺമെന്റിന്റെ ബാലിശമായ തീരുമാനമാണെന്നും ജനങ്ങൾ മദ്യത്തിന് വിനിയോഗിക്കുന്ന പണം, മദ്യപിച്ചില്ലെങ്കിലും മറ്റു പല ആവശ്യങ്ങൾക്കായി ചെലവഴിക്കുമ്പോൾ ഗവൺമെന്റിന്റെ വരുമാനപരിധിയിൽ വരുമെന്നും പ്രഖ്യാപിച്ചു.

1967-ലെ മദ്യനയവും ഇപ്പോഴത്തെ മദ്യനയവും തുല്യമാകുന്ന രൂപത്തിലാണ്. ഓരോ വിഷമദ്യദുരന്തമുണ്ടാകുമ്പോഴും ധാരാളമാളുകളുടെ ജീവനൊടുങ്ങുകയും അനേകം പേരുടെ കാഴ്ച നഷ്ടപ്പെടുകയും ചെയ്യുന്നു. പുനലൂർ, വൈപ്പിൻകര, ഞാറയ്ക്കൽ, കല്ലുവാതുക്കൽ തുടങ്ങിയ ഒട്ടനവധി വിഷമദ്യദുരന്തങ്ങൾക്ക് കേരളം സാക്ഷിയാണ്.

വർഷങ്ങളായി തഴച്ചുവളരുന്ന വ്യാജമദ്യ കേന്ദ്രങ്ങളെക്കുറിച്ച് സർക്കാറിനോ എക്സൈസ് ഉദ്യോഗസ്ഥർക്കോ രാഷ്ട്രീയ പാർട്ടികൾക്കോ യാതൊരു അറിവുമില്ലെന്നു പറഞ്ഞാൽ അത് കേരളീയരെ വിഡ്ഢികളാക്കലാണ്. ജനങ്ങളുടെ മുമ്പിൽ ചിരിച്ചു പ്രത്യക്ഷപ്പെടുന്ന രാഷ്ട്രീയക്കാർ ജനങ്ങളിൽനിന്ന് മറഞ്ഞാൽ സാമൂഹികവിരുദ്ധരുമായി കൈകോർക്കുന്നതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. രാഷ്ട്രീയ ബന്ധങ്ങൾക്കതീതമായി കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ തയാറാവുകയും മദ്യം പൂർണമായും നിരോധിക്കാൻ സന്നദ്ധത കാട്ടുകയും ചെയ്യുന്ന ഗവൺമെന്റിനെയാണ് ജനങ്ങൾക്കാവശ്യം.

**നേമം താജുദ്ദീൻ തിരുവനന്തപുരം**




# ഓ... ജൂഡ്

**ഞങ്ങൾക്ക്** മാപ്പ് തരൂ ജൂഡ്. നിന്നെ ഞാവൽ മരത്തിൽ കയറാൻ നിർബന്ധിച്ചത് ഞങ്ങളാണ്.

നീ വിശന്നു കരഞ്ഞ് യാചിച്ചപ്പോഴും അലിഞ്ഞില്ല ഞങ്ങളുടെ ശിലാഹൃദയങ്ങൾ. ഞങ്ങൾക്ക് വിശപ്പിന്റെ വില അറിയില്ല; കാരണം ഞങ്ങൾ വിശപ്പില്ലായ്മക്കു മരുന്ന് കഴിക്കുന്നവരാണ്.

ഞങ്ങൾ തിരക്കിലാണ് ജൂഡ്. കാരണം ഞങ്ങൾക്ക് സമ്പാദ്യം തികഞ്ഞിട്ടില്ല.

ഞങ്ങൾ ടെൻഷനിലാണ് ജൂഡ്. കാരണം അയൽക്കാരന്റെ പുത്തൻ കാറും മണിമാളികയും അവന്റെ വളർച്ചയും ഞങ്ങളെ അസ്വസ്ഥരാക്കുന്നു.

ഞങ്ങൾ ആർഭാട സദ്യകൾ ഒരുക്കാറുണ്ട് ജൂഡ്. അവിടെ ബാക്കിവരുന്ന ഭക്ഷണക്കൂമ്പാരം എവിടെ തള്ളണമെന്ന കാര്യത്തിൽ വിഷമിക്കാറുമുണ്ട്.

നാട്ടിൽ ഭരണക്കാരും രാഷ്ട്രീയക്കാരുമുണ്ട് ജൂഡ്. അവർക്ക് നിന്റെ ഈ 'നിസ്സാര' കാര്യത്തിൽ താൽപര്യമില്ല. കാരണം അവർക്ക് സ്വന്തം കാര്യവും പിന്നെ എക്സ്പ്രസ് ഹൈവേയും സ്മാർട്ട് സിറ്റിയും പോലുള്ള ആനക്കാര്യങ്ങളുണ്ട്.

ദൈവിക മതത്തിന്റെ മേൽ പാഴ്ചെടികളെന്നോണം കാക്കത്തൊള്ളായിരം മതസംഘടനകളും ഇവിടെയുണ്ട് ജൂഡ്. അവരും തിരക്കിലാണ്. പുതിയ തർക്കങ്ങൾക്കുള്ള വഴികളന്വേഷിക്കുകയാണവർ.

ഓ... ജൂഡ്... ഞങ്ങൾക്ക് മാപ്പ്.

**പി.ടി.ബി അലനല്ലൂർ**

# ഏതാണു ശരി?

**സൈനബ്(റ)** അന്ത്യവിശ്രമംകൊള്ളുന്നത് ഈജിപ്തിലാണെന്ന് ഡോ. അബ്ദുസ്സലാം വാണിയമ്പലം തന്റെ യാത്രാ വിവരണത്തിൽ പറയുന്നു (വാള്യം 65, ലക്കം 38). ആ ലക്കത്തിലെ ചരിത്രാഖ്യായികയിൽ വിവരിക്കുന്നതിങ്ങനെ: സൈനബ് മക്കയിൽനിന്നും മദീനയിലേക്കുള്ള യാത്രാ മധ്യേ ഒട്ടകപ്പുറത്തുനിന്നും തെറിച്ചുവീണതിനെത്തുടർന്ന് മരണം സംഭവിച്ചു. തുടർന്ന് പരിശുദ്ധ മദീനയിൽ ഖബ്റടക്കി.

ഏതാണ് ശരി?

**കെ.ടി ഹാഷിം ഖത്തർ**

# വികലയുക്തിയിൽ ഒരു 'മാതൃകാ രാഷ്ട്രം'!

**"ഈജിപ്തിൽ** മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടികളെ നിരോധിച്ചു. അതിന് ഭരണഘടനാ ഭേദഗതി പാർലമെന്റ് അംഗീകരിച്ചു. 75.5 ശതമാനം ജനം ഭേദഗതിക്കനുകൂലമായി വോട്ട് ചെയ്തു. ഭീകരവാദത്തിനെതിരെ പോരാടാൻ പ്രത്യേക അധികാരം നൽകുന്ന ഭേദഗതിയും അംഗീകരിച്ചു" (*ദേശാഭിമാനി*, 29.3.07). പ്രസ്തുത വാർത്ത എടുത്തുദ്ധരിച്ചുകൊണ്ട്, കേരള യുക്തിവാദി സംഘം പ്രസിഡന്റ് യു. കലാനാഥൻ "ഈജിപ്തിന്റെ മതനിരപേക്ഷ ബോധത്തിന്റെ അയലത്ത് പോകാൻ കപട മതനിരപേക്ഷത പുലർത്തുന്ന ഇന്ത്യക്കവകാശമില്ല" (*യുക്തിരേഖ*, ജനുവരി 2009) എന്ന് പറയുന്നു.

ഫറോവയുടെ കാലം മുതൽ സ്വേഛാധിപത്യ വാഴ്ചയുടെ ഈറ്റില്ലമായി വർത്തിക്കുന്ന ഈജിപ്തിലെ ഏകാധിപതി ഹുസ്നി മുബാറക്, മതാധിഷ്ഠിത രാഷ്ട്രീയ പാർട്ടികളെ മാത്രമല്ല, തന്റേതല്ലാത്ത സകല പാർട്ടികളെയും നിരോധിച്ച കാര്യം എന്തേ കലാനാഥൻ മറച്ചുപിടിക്കുന്നു? മകൻ മരിച്ചിട്ടാണെങ്കിലും മരുമകളുടെ കണ്ണീരു കാണാൻ കൊതിച്ച അമ്മായി അമ്മയുടെ മനസ്സാണ് മതപാർട്ടികളെ നിരോധിച്ചതിൽ പുളകംകൊള്ളുന്ന യുക്തിവാദി നേതാവിന്റേത്. 1981 മുതൽ അടിയന്തരാവസ്ഥ നിലനിൽക്കുന്ന 'മാതൃകാ രാഷ്ട്ര'മാണ് ഈജിപ്ത്! മുബാറകിന്റെ പാർട്ടിയുടേതല്ലാത്ത ഒരൊറ്റ രാഷ്ട്രീയ പാർട്ടിയുടെയും പോസ്റ്ററോ ബാനറോ അവിടെ കാണാനാവില്ല. പ്രകടനങ്ങളോ മുദ്രാവാക്യങ്ങളോ ഇല്ല. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ മുബാറകിന്റെ സ്തുതി കീർത്തനങ്ങളാൽ മുഖരിതമാണ്. രാഷ്ട്രീയ പാർട്ടികൾക്കോ എതിർ ശബ്ദങ്ങൾക്കോ സ്ഥാനമില്ലാത്ത, ജനാധിപത്യ വിരുദ്ധ സ്വേഛാധിപത്യവാഴ്ച അരങ്ങു തകർക്കുന്ന ഈജിപ്ത് ഈ 'യുക്തിവാദി'ക്ക് മാതൃകാ രാഷ്ട്രമാണത്രെ!

മതാധിഷ്ഠിത പാർട്ടികളെ നിരോധിച്ച നടപടി ഭരണഘടനാ ഭേദഗതിയിലൂടെ പാർലമെന്റ് അംഗീകരിച്ചത്രെ! ജനാധിപത്യ ഭരണരീതിയില്ലാത്ത, മുബാറകിനെതിരെ ശബ്ദിക്കാൻ സ്വാതന്ത്ര്യമില്ലാത്ത ഒരു രാജ്യത്ത് എന്ത് ഭരണഘടന? എന്ത് പാർലമെന്റ്? എന്ത് വോട്ടവകാശം? ഇത് മനസ്സിലാക്കാൻ സാമാന്യ യുക്തി മതിയാവും. എന്നാൽ 'യുക്തി'യുടെ മൊത്തക്കച്ചവടക്കാരായ യുക്തിവാദികൾക്ക് ഇല്ലാതെ പോയതും 'യുക്തി'ബോധമാണ്.

തകർന്നടിഞ്ഞ റോഡുകൾ, ജീർണിച്ച കെട്ടിടങ്ങൾ, ഭിക്ഷ യാചിക്കുന്ന അമ്മമാരും കുട്ടികളും, അവശ്യവസ്തുക്കളുടെ വൻ വില വർധന, പൊതുമേഖലാ സ്ഥാപനങ്ങൾ കൈയടക്കിയ സ്വകാര്യ മുതലാളിമാർ, പൗരന്മാരിൽ ഭൂരിഭാഗവും തൊഴിൽ രഹിതർ, ഒന്നും മിണ്ടാനാവാതെ എല്ലാം അടക്കിപ്പിടിച്ചുകഴിയുന്ന നിസ്സഹായരായ ഒരു ജനത! മതപാർട്ടികളെ നിരോധിച്ചുവെന്ന ഏക കാരണത്താൽ 'മാതൃകാ രാഷ്ട്ര'മായി മാറിയ ഒരു ജനവിരുദ്ധ സ്വേഛാധിപത്യ രാജ്യത്തിന്റെ ദൈന്യ ദൃശ്യം എന്തു മാത്രം 'ചേതോഹരം' യുക്തിവാദ ദൃഷ്ടിയിൽ!

**റഹ്മാൻ മധുരക്കുഴി**

# സീരിയൽ വലയിൽ കുഞ്ഞു ഹൃദയങ്ങളും

**ഈയിടെ** ബന്ധുവീട്ടിൽ പോയി. നാലു വയസ്സായ ആൺകുട്ടിയും എട്ടു വയസ്സായ പെൺകുട്ടിയുമുള്ള വീട്. സന്ധ്യ കഴിഞ്ഞ് ടി.വിയിൽ വാർത്ത കണ്ടുകൊണ്ടിരിക്കുമ്പോൾ കുട്ടികൾ 'ഏഴാമത്തെ ചാനൽ വെക്കണം' എന്ന് ബഹളം വെച്ച് റിമോർട്ട് പിടിച്ചുവാങ്ങാൻ ശ്രമിച്ചു. കൊടുക്കാതിരുന്നപ്പോൾ രണ്ടു പേരും കരഞ്ഞ് ഉമ്മയുടെ അടുത്ത് പോയി സങ്കടം പറഞ്ഞു. ഏഴാമത്തെ ചാനലിൽ പ്രത്യേകിച്ച് എന്താണുള്ളതെന്ന് ചോദിച്ചപ്പോൾ, സീരിയൽ തുടങ്ങുന്ന സമയമായി എന്നാണ് മറുപടി. കുട്ടികളുടെ കടുത്ത വാശികാരണം റിമോർട്ട് കൊടുക്കേണ്ടിവന്നു.

മുമ്പൊക്കെ സന്ധ്യ കഴിഞ്ഞാൽ നമ്മുടെ വീടുകളിൽ ഖുർആൻ പാരായണവും ദിക്റുകളുമൊക്കെ കേൾക്കാമായിരുന്നു. ഇന്ന് വീടുകളിൽ നിറയുന്നത് സീരിയലും റിയാലിറ്റി ഷോയുമാണ്. ആദ്യം അത് യുവതികളെ ഇരയാക്കി. പിന്നെ മധ്യവയസ്കരും വൃദ്ധരുമായ സ്ത്രീകളെ. ഇന്ന് കുരുന്നു ഹൃദയങ്ങളെയും ബാധിച്ചിരിക്കുന്നു. പരസ്യങ്ങൾ അടിച്ചേൽപിക്കാൻ വേണ്ടിയുള്ള ചാനലുകളുടെ വെറും കോപ്രായത്തരങ്ങളിൽ ഒന്നാണ് സീരിയലുകൾ. അതിനു വേണ്ടി ചടഞ്ഞിരുന്ന് സമയം കളയുന്നത് വിഡ്ഢിത്തമാണ്. നമ്മുടെ കുഞ്ഞുമക്കളെയെങ്കിലും അതിൽനിന്ന് രക്ഷപ്പെടുത്തുക.

**റിയാസ് ഓരിമുക്ക്**

## ചുരുക്കെഴുത്ത്

**ലക്കം** 36ൽ വന്ന ഐ.പി.എച്ച് പരസ്യത്തിൽ 'ജമാഅത്തെ ഇസ്ലാമി: ലക്ഷ്യം മാർഗം' എന്ന പുസ്തകത്തിന്റെ രചയിതാവ് വി.പി മുഹമ്മദലിയെന്ന് കൊടുത്തത് തെറ്റാണ്. അബുല്ലൈസ് ഇസ്ലാഹി നദ്‌വിയാണ് ഗ്രന്ഥകാരൻ. വി.പി മുഹമ്മദലി വിവർത്തകനാണ്.

പ്രസ്തുത ശ്രേണിയിൽ ചേർക്കാവുന്ന രചനകളാണ് ഇ.എൻ ഇബ്റാഹീം മൗലവിയുടെ 'ജമാഅത്തെ ഇസ്ലാമിയും സുന്നി വിമർശകരും', ശൈഖ് മുഹമ്മദ് കാരകുന്നിന്റെ 'മുഖാമുഖം' എന്നിവ.

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**

**41-ാം** ലക്കത്തിലെ നാല് കവിതകൾ ഹൃദ്യമായി. ഓരോന്നിനും അതിന്റേതായ തിളക്കവും ഭംഗിയുമുണ്ട്. തെരഞ്ഞെടുപ്പ് അടുത്ത അവസരത്തിൽ 'ഇന്നത്തെ നായകർ' ഏറെ പ്രസക്തമായി തോന്നി. ജമീൽ അഹ്മദിന്റെ 'റസൂൽ മദ്ഹും' ആസ്വാദ്യകരം. അഭിനന്ദനങ്ങൾ.

**മമ്മൂട്ടി കവിയൂർ**